(സി) അടിസ്ഥാന മേഖലയുടെ സ്വകാര്യവത്ക്കരണം പൊതുജനത്തിന് കടുത്ത ആഘാതമാകുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന ചെറുകിട കരാറുകാരെ ഒഴിവാക്കി വൻകിട നിർമ്മാണ കമ്പനികളെ റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഏല്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിൽ നിർമ്മിക്കപ്പെടുന്ന റോഡുകൾക്ക് ടോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി പൊതുജന പങ്കാളിത്തത്തോടെ (PPP Hybrid Annuity) നിർമ്മാണം നടത്തണമെന്ന് ലോകബാങ്ക് നിഷ്കർഷിച്ചിരുന്ന പുനലൂർ-പൊൻകുന്നം റോഡിന്റേയും സംസ്ഥാന റോഡ് വികസന പദ്ധതിയിൽപ്പെടുത്തി RICK ആദ്യഘട്ടത്തിൽ BOT-Annuity അടിസ്ഥാനത്തിൽ വികസിപ്പിക്കുന്ന 107 കി.മീ റോഡിന്റേയും വികസനത്തിനു സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതിനു 2015 മാർച്ചിൽ കൊച്ചിയിൽ നിക്ഷേപക സംഗമം സംഘടിപ്പിച്ചിരുന്നു. ഈ റോഡിന്റെ ദർഘാസ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും നിക്ഷേപകർക്ക് പദ്ധതിയുടെ വിശദ വിവരങ്ങൾ വിവരിച്ചു കൊടുക്കുന്നതിനും അവരെ ആകർഷിക്കുന്നതിനും വേണ്ടിയാണ് ഈ പരിപാടി സംഘടിപ്പിച്ചത്.

(ബി&സി) സ്വകാര്യ മേഖലയുടെ കൂടി പങ്കാളിത്തത്തോടെ റോഡ് ഉപയോക്താക്കൾക്ക് ആഘാതമാകാത്ത വിധത്തിലുള്ള റോഡ് വികസനം പരിഗണനയിലുണ്ട്.

(ഡി & ഇ) ഇല്ല.

പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ

10 (*250) ശ്രീ. പി.ലോട് രവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാചകവാതക സിലിണ്ടറുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അപകടങ്ങൾ ഇല്ലാതാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഉപഭോക്താക്കൾക്ക് ടോൾ ഫ്രീ നമ്പരോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മൊബൈൽ നമ്പരോ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പാചകവാതകം സുഗമമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഇല്ലായെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) പാചകവാതക സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ച് പരിശോധിക്കപ്പെടുകയും കൂടുതൽ പരിശോധന ആവശ്യമായ സിലിണ്ടറുകൾ വേർതിരിക്കപ്പെടുകയും ചെയ്യുന്നു. നിറ സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ നിന്ന് അയക്കുന്നതിന് മുമ്പ് ഭാരവും ചോർച്ചയും കൃത്യമായി പരിശോധിക്കപ്പെടുന്നു. ഉപഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന സിലിണ്ടറുകളുടെ ഭാരവും ചോർച്ചയും വീണ്ടും പരിശോധിക്കപ്പെടുകയും സിലിണ്ടറുകളുടെ സീൽ ഉപഭോക്താവിനെ കാണിച്ച് ബോധ്യപ്പെടുത്തി ആവശ്യമെങ്കിൽ വാൽവ് ലീക്ക് മുതലായ പരിശോധനകൾ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ നടത്തുകയും ചെയ്തതിനു ശേഷമാണ് സിലിണ്ടറുകൾ ഗ്യാസ് സ്റ്റൗവുമായി ബന്ധിപ്പിക്കുന്നത്. കൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കാറുണ്ട്. കൂടുതൽ വിവരങ്ങൾ **www.mylpg.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇവയാണ് പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികളെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ഐ.ഒ.സി, എച്ച്.പി.സി, ബി.പി.സി ഈ മൂന്ന് എണ്ണക്കമ്പനിക ളുടേയും പൊതുവായ ടോൾ ഫ്രീ നമ്പർ 1800-233-3555-ഉം ബന്ധപ്പെട്ട ഏര്യാ മാനേജർമാരുടേയും സെയിൽസ് ഓഫീസർമാരുടേയും ഫോൺ നമ്പരുകളും എല്ലാ ഏജൻസികളിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്നും കൂടാതെ എല്ലാ ഔദ്യോഗിക നമ്പരുകളും എണ്ണക്കമ്പനികളുടെ വെബ്സൈറ്റിൽ ലഭ്യമാണെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഡി) പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതി നായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്.

ദേശീയ നിലവാരമുള്ള റോഡുകളുടെ നിർമ്മാണം

11 (*251) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ നിലവാരമുള്ള റോഡുകൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്ന തെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദ മാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ഉണ്ട്.

(ബി & സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡുവികസന പദ്ധതിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡുകളാണ് നിർമ്മിക്കുന്നത്. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി